# മുക്കത്ത് രണ്ട് കിലോ കഞ്ചാവുമായി യുവാവ് പിടിയിൽ.

മുക്കം: മുക്കത്ത് വീണ്ടും കഞ്ചാവ് വേട്ട.രണ്ട് കിലോ കഞ്ചാവുമായി നെല്ലിക്കാപറമ്പ് സ്വദേശിയെ മുക്കം പോലീസ് അറസ്റ്റ് ചെയ്തു. നെല്ലിക്കാപറമ്പ് കറുത്തപറമ്പിൽ താമസിക്കുന്ന കപ്പിലക്കാട് ഫൈസലിനെയാണ്(20) മുക്കം എസ്.ഐ കെ.പി അഭിലാഷിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം പിടികൂടിയത്.കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി ജി.ജയദേവ് IPS അവർകളുടെ നിർദേശ പ്രകാരം സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ലഹരിമരുന്ന് വിൽപ്പന നടത്തുന്ന ആളുകളെ പോലീസ് നിരീക്ഷിച്ചു വരികയായിരുന്നു. അതിനിടയിലാണ് മുക്കത്തും പരിസരങ്ങളിലും വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമായി കഞ്ചാവ് വിൽപ്പന നടത്തുന്നത് ഇയാളാണെന്ന് പോലീസ് മനസ്സിലാക്കിയത്. ഇയാൾ മുൻപും നിരവധി തവണ കഞ്ചാവ് വിൽപ്പന നടത്തിയതിന് പിടിയിലായിട്ടുള്ളതുമാണ്. ഏകദേശം രണ്ടു മാസങ്ങൾക്ക് മുൻപ് 200 ഗ്രാം കഞ്ചാവുമായി എക്സൈസ് സംഘം ഇയാളെ പിടികൂടിയിരുന്നു. എന്നാൽ അളവ് കുറവായതിനാൽ പെട്ടെന്ന് പുറത്തിറങ്ങുകയായിരുന്നു. കുറഞ്ഞ വിലക്ക് വൻതോതിൽ കഞ്ചാവ് കടത്തികൊണ്ട് വന്ന് ചെറിയ പ്ലാസ്റ്റിക് കവറുകളിൽ 500 രുപയുടെ പായ്ക്കറ്റുകളാക്കി പരസ്യമായി വിൽപ്പന നടത്തുന്നതാണ് ഇയാളുടെ രീതി. ഇത് പൊതുജനങ്ങളുടെ ഇടയിൽ കടുത്ത അമർഷം ഉളവാക്കിയിരുന്നു. എന്നാൽ ഇയാൾക്കെതിരെ പരാതി പറയുന്നവരെ ഭീഷണിപ്പെടുത്തിയിരുന്നതിനാൽ ആളുകൾക്ക് ഇയാൾക്കെതിരെ പരാതി പറയാൻ ഭയമായിരുന്നു.

താമരശ്ശേരി DySP പി.ബിജുരാജിന്റെ നിർദേശപ്രകാരം മുക്കം എസ്.ഐ കെ.പി. അഭിലാഷും സംഘവും ഇയാൾ കഞ്ചാവുമായി വരുന്നതിന്റെ വിവരം മനസ്സിലാക്കി അതിസാഹസികമായാണ് ഇയാളെ പിടികൂടിയത്. ഇയാളുടെ കയ്യിൽ ഉള്ള ബാഗിൽ നിന്ന് രണ്ട് കിലോയോളം വരുന്ന പാർസൽ രൂപത്തിൽ പൊതിഞ്ഞ കഞ്ചാവ് പോലീസ് കണ്ടെടുത്തു. അഡീഷണൽ എസ്.ഐ ഇ.ഹമീദ്, എ.എസ്ഐമാരായ എൻ.ജയമോദ്, ബേബി മാത്യു, സി.പി.ഒ അനൂപ് ,ശ്രീജേഷ്, താമരശ്ശേരി DySP യുടെ ക്രൈം സ്ക്വാഡ് അംഗങ്ങളായ ASI രാജീവ്ബാബു, ഷിബിൽ ജോസഫ്, ഹരിദാസൻ, ഷെഫീഖ് നീലിയാനിക്കൽ എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്.

